## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2682

09/03/2017-ലെ മറുപടിയ്ക്ക്.

**വയനാട് ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | മുൻവർഷങ്ങളിൽ വയനാട് ജില്ലയിൽ മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച പട്ടികജാതി പട്ടികവർഗ്ഗ വികസന ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>വയനാട് ജില്ലയിൽ മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പ് ക്ഷേമ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.<br><br>**പട്ടിക വർഗ്ഗ വികസന വകുപ്പ്**<br>മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 12 കോളനികളിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന സമഗ്ര വികസ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | **പട്ടിക വർഗ്ഗ വികസന വകുപ്പ്**<br>സമഗ്ര വികസന പദ്ധതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പദ്ധതികൾക്കായി ജില്ലയിൽ എത്ര തുക ചെലവഴിച്ചു? | | **പട്ടിക വർഗ്ഗ വികസന വകുപ്പ്**<br>സമഗ്രവികസന പദ്ധതിക്കായി 5 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് തുക ചെലവഴിക്കുന്നത് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ്. ആയതിന്റെ ചെലവ് വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. **കോമ്പാറകോളനി**

റോഡിന്റെ പണി ആരംഭിച്ചിട്ടില്ല. വനാതിർത്തിയിലൂടെ കടന്നുപോകുന്ന റോഡുകൾക്ക് വനം വകുപ്പിന്റെ തടസ്സമുള്ളതായി അറിയുന്നു.

2. **ചുരുളി-ആനിയിൽ**

റോഡിന്റെ പ്രവൃത്തിയിൽ 200 മീറ്റർ കോൺക്രീറ്റ് മാത്രമാണ് പൂർത്തീകരിച്ചത്. കമ്മ്യൂണിറ്റി ഹാളിന്റെ പണി ആരംഭിച്ചിട്ടില്ല.

3. **മരാടി കോളനി**

റോഡിന്റെ -സോളിംഗ് പണി പൂർത്തിയായി. 2 വീടുകളും കക്കൂസുകളും ഉണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി തൊർനാട് പഞ്ചായത്തിൽ സ്പെഷ്യൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി സനീഷ് എന്നയാൾക്ക് ചുമതല ഉണ്ടെങ്കിലും മറ്റ് പഞ്ചായത്തുകളിൽ ചാർജ് വഹിക്കുന്നതിനാൽ വേത്ര സേവനം ലഭിക്കാറില്ല.

4. **പെരിഞ്ചേരിമല**

പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ചിട്ടില്ല.

5. **പന്നിപ്പാടി കോളനി**

റോഡ് നിർമ്മാണ പ്രവൃത്തിയിൽ 300 മീറ്റർ കോൺക്രീറ്റ് മാത്രം പൂർത്തിയായി. കോളനിയോട് ചേർന്നുള്ള റോഡിന്റെ പണി വനം വകുപ്പ് തടസ്സം നിൽക്കുന്നതിനാൽ ആരംഭിച്ചിട്ടില്ല. ഇത്തരം തർക്കങ്ങൾക്കുള്ള സ്ഥലങ്ങളെക്കുറിച്ച് മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല.

6. **ചപ്പയിൽ-മുയിൽ**

കോളനി ആരംഭിക്കുന്ന സ്ഥലത്തു നിന്നും സോളിംഗ് തുടങ്ങിയെങ്കിലും 50 മീറ്ററോളം ഇടയ്ക്കുവെച്ച് കോൺക്രീറ്റ് ചെയ്യുകയും 200 മീറ്ററോളം സോളിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടു്. ചപ്പ കോളനിയിൽ നിന്ന് ആരംഭിക്കേ റോഡ് പണി , വനം വകുപ്പിന്റെ തടസ്സം മൂലം ആരംഭിച്ചിട്ടില്ല. മുയിൽ കോളനിയിൽ കലുങ്ക് നിർമ്മിക്കുകയും, സൈഡ് കെട്ടുകയും, മണ്ണ് നിറയ്ക്കുകയും ചെയ്തിട്ടു്. 2 പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെങ്കിലും തറ നിരത്തി എന്നതല്ലാതെ വീടിന്റെ പണി ആരംഭിച്ചിട്ടില്ല. വഴി സൗകര്യം ഇല്ലാത്തതിനാൽ സാധനങ്ങൾ സൈറ്റിൽ എത്തിക്കാൻ കഴിയുന്നില്ലെന്നാണ് ഗുണഭോക്താക്കൾ പറയുന്നത്.

7. **കല്ലിങ്കൽ-ഇട്ടിലാട്ടിൽ കോളനി**

200 മീറ്റർ നടപ്പാതയുടെ കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടു്. കമ്മ്യൂണിറ്റി ഹാളിന്റെ വയറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടു്. 6 വീടുകൾ പാസായിട്ടുെങ്കിലും ഒരു വീടിന്റെ പണി മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

8. **കാട്ടിയേരി കോളനി**

2 വീടുകൾ അനുവദിച്ചതിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തിട്ടു്. 3 കക്കൂസുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടു്.

9. **കാട്ടിമൂല കോളനി**

റോഡ് പണി ആരംഭിച്ചിട്ടില്ല. വീട് പണി ആരംഭിച്ചിട്ടില്ല. വനം വകുപ്പിന്റെ തടസ്സമാണ് കാരണം.

10. **കാർക്കോട്ടിൽകോളനി**

വീട്, കക്കൂസ്പണികൾ ആരംഭിച്ചിട്ടില്ല. പവർ ടില്ലർ വിതരണം ചെയ്തിട്ടു്.

11. **മട്ടിലയം കോളനി**

റോഡ് സോളിംഗ് പൂർത്തിയായി 100 മീറ്ററോളം സോളിംഗ് ചെയ്തിട്ടു്. വീടിന്റെ പണി തറ നിരപ്പ് മാത്രമേ ആയിട്ടുള്ളു. കക്കൂസ് പണി ആരംഭിച്ചിട്ടില്ല.

12. **അരിമലകോളനി**

റോഡ് സൈഡ് കെട്ടി 800 മീറ്ററോളം മണ്ണ് നിറച്ചിട്ടു്. ആരിമല, കാർക്കോട്ടിൽ കോളനികളിൽ പവർ ടില്ലർ അനുവദിച്ചിട്ട്. 2 വീടുകൾ അനുവദിച്ചിട്ടുങ്കിലും പണി ആരംഭിച്ചിട്ടില്ല.

## Activities based total budgeted amount

## I. Soil mobilization

1. പ്രൊമോട്ടർമാർ, ഗ്രാമപഞ്ചായത്ത് മെമ്പേഴ്സ് ഊരുകൂട്ടം ലീഡേഴസ് എന്നിവർക്ക് ഒരു ദിവസത്തെ ട്രെയിനിംഗ് നടത്തിയിട്ടു്.

2. Career Guidence-ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഒരു ദിവസത്തെ ഗൈഡൻസ് ക്ലാസ് നടത്തിയിട്ടു്.

## II. Livelihood training &Support

1. കൂൺകൃഷി -നടത്തിയിട്ടു്.

2. Bee keeping training-നടത്തിയിട്ടു്, കിറ്റ് നൽകിയിട്ടു്.

3. കീടനാശിനി നിർമ്മാണം- പരിശീലനം-കിറ്റ് നൽകിയിട്ടു്.

4. പശുവളർത്തൽ-ട്രെയിനിംഗ് നടത്തിയിട്ടില്ല. 30 പശുക്കളെ വാങ്ങി 15 യൂണിറ്റുകൾക്ക് നൽകിയിട്ടു്.

5. ആട് വളർത്തൽ പരിശീലനം- കൂട് നിർമ്മിച്ച് നൽകിയിട്ടു്. ആടുകളെ വിതരണം ചെയ്യുകയോ, ആട് വളർത്തലിൽ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല.

   ആട് വളർത്തൽ-ആടിനെ സ്വന്തമായി കണ്ടെത്തി അറിയിക്കുവാൻ ഗുണഭോക്താക്കളോട് നിർദ്ദേശിച്ചിരുന്നെങ്കിലും ഇതുവരെ കണ്ടെത്തിയിട്ടില്ല. ആട്ടിൻകൂട് നിർമ്മിച്ച് നൽകിയിട്ടു്.

   ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾ തന്നെ പശുവിനെ കണ്ടെത്തി ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മൃഗ ഡോക്ടർ എന്നിവരെ കാണിച്ച് നേരിട്ട് പശുവിനെ വാങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നത്. 2 പേരൊഴികെ 30 പേരും പശുക്കളെ വാങ്ങിയിട്ടു്. പശുവിനെ ഇൻഷ്വർ ചെയ്യുന്നതിന് ഒന്നിച്ചാവാമെന്ന് കരുതിയാണിരുന്നതെന്ന് പറയുന്നു. തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടു്.

   വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ്, കൂൺ കൃഷിക്കായുള്ള പരിശീലനം , തേനീച്ച വളർത്തൽ പരിശീലനവും തേൻ ഉത്പാദന പ്രോത്സാഹനവും ജൈവ കീടനാശിനി നിർമ്മാണം തുടങ്ങിയവ സുൽത്താൻബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന സർഗ്ഗാലയം എന്ന സ്ഥാപനത്തെയാണ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഏൽപ്പിച്ചിരുന്നത്.

6. <u>ടെയ്‌ലറിംഗ്& എംബ്രോയിഡറി ട്രെയിനിംഗ്</u>

20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 മാസത്തെ ട്രെയിനിംഗ് നൽകുകയും 10 ടെയിലറിംഗ് മെഷീനുകളും 1 ലോക്ക് മെഷീനും വാങ്ങി നൽകുകയും ചെയ്തിട്ടു്. പഠിതാക്കൾക്ക് ആഴ്ചയിൽ 2 ബാച്ചുകളിലായി പരിശീലനം നൽകിയിരുന്നു. പരിശീലന ദിവസം യാത്രാബത്തയായി 50/- രൂപ വീതവും രാവിലെ ചായയും നൽകിയിട്ടു്.

## III. Infrastructure Development

1. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- ചുരുളി കോളനിയിൽ-പണി ആരംഭിച്ചിട്ടില്ല. കല്ലിങ്കൽ- ഇക്കിലാട്ടിൽ-വയറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ട്.
2. വീട് നിർമ്മാണം- അനുവദിച്ച 31 വീടുകളിൽ 3 എണ്ണത്തിന്റെ പണി മാത്രമേ നടക്കുന്നുള്ളു.
3. ടോയ്ലറ്റ് നിർമ്മാണം-കാട്ടിയേരി കോളനിയവിലെ കക്കൂസുകളുടെ പണി മാത്രമാണ് പൂർത്തീകരിച്ചത്. മറ്റ് സ്ഥലങ്ങളിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.
4. വീട് ഇലക്ട്രിഫിക്കേഷൻ-നടന്നിട്ടില്ല.
5. ഇലക്ട്രിക് ഫെൻസിംഗ്-നടന്നിട്ടില്ല.

സെക്ഷൻ ഓഫീസർ